**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** — **12-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രക്കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര വലിയ കുളം, കണ്ടിയൂർ മഹാദേവ ക്ഷേത്ര കുളം എന്നിവയുടെ നവീകരണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്ക് മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം വലിയകുളം, കണ്ടിയൂർ മഹാദേവക്ഷേത്രക്കുളം എന്നിവ നവീകരി ക്കുന്നതിന് 2023-24 ലെ Work Budget Vol.II ക്രമ നം. 2347 പ്രകാരം 150 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയിരുന്നു. തുടർന്ന് സർക്കാർ ഉത്തരവ് സ.ഉ (സാധാ) No.5992/2023/Fin. തീയതി 14/08/2023 പ്രകാരം അവ രണ്ടു പ്രവൃത്തികളായി താഴെ പറയും പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>വലിയകുളം നവീകരണം (അടങ്കൽ 100 ലക്ഷം രൂപ, വകയിരുത്തുന്ന തുക 20,00,000/- രൂപ) കണ്ടിയൂർ മഹാദേവക്ഷേത്രക്കുളം നവീകരണം (അടങ്കൽ 50 ലക്ഷം രൂപ വകയിരുത്തുന്ന തുക 10,00,000/-രൂപ).<br><br>പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ